കളക്ടർ ഉത്തരവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി ചിറ ഇപ്പോൾ കയ്യേറിയിരിക്കുന്നവർക്ക് പട്ടയം നൽകാൻ റവന്യൂ ബോർഡ് തയ്യാറാകുന്നതിനു കാരണമെന്തു്;

(സി) തുറക്കണക്കിനു കൃഷിക്കാർ മത്തിച്ചിറ കയ്യേറുന്നതിനു കൊടുക്കരുതെന്നു കാണിച്ചു് മെമ്മോറാണ്ടം തയ്യാറാക്കി കൊടുത്തു് 1953-ലും 1956-ലും റവന്യുമന്ത്രിക്കും കളക്ടർക്കും റവന്യുബോർഡിനും അയച്ചിട്ടുണ്ടോ; ജനങ്ങളുടെ എതിർപ്പിനെ പരിഗണിച്ചു് മത്തിച്ചിറ കയ്യേറുന്നതിനു നൽകാനുള്ള നടപടികൾ നിറുത്തിവയ്ക്കാൻ ഉദ്ദേശമുണ്ടാകുമോ?

ഉത്തരം

(എ) ഉണ്ടു്. അതു് ഗവണ്മെൻറിന്റെ പരിശോധനയിൽ ഇരിക്കുകയാണു്.

(ബി) ഇല്ല. റവന്യുബോർഡിന്റെ റിപ്പോർട്ടനുസരിച്ചു് ഗവണ്മെൻറാണു് ഉത്തരവിട്ടിരിക്കുന്നതു്. ഈ ഉത്തരവിന്മേലുള്ള ഒരു റിവിഷൻ പെറ്റീഷൻ പരിശോധനയിൽ ഇരിക്കുകയാണു്. തീരുമാനമൊന്നുമായിട്ടില്ല.

(സി) കിട്ടിയിട്ടുണ്ടു്. ബി-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

കടികിടപ്പു രജിസ്റ്റർ

49. [20] ശ്രീ. പി. കെ. ചാത്തൻ: തരിശു കിടക്കുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കുടിയൊഴിപ്പിക്കൽ നിരോധന നിയമം നിലവിലുണ്ടായിരുന്നപ്പോൾ അതിനു ശേഷം നാളിതുവരെയായി സംസ്ഥാനത്തു് അതുപോലെ എത്ര കുടികിടപ്പുകൾ രജിസ്റ്റർചെയ്തു എന്നു പറയുമോ;

(ബി) കുടികിടപ്പു രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥതന്നെ എടുത്തുകളയണമെന്ന നിർദ്ദേശം ഗവണ്മെൻറിന്റെ മുമ്പായിൽ ഉണ്ടായിട്ടുണ്ടോ?

ഉത്തരം

(എ) 4,429.

(ബി) ഇല്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 3-3-1956.

Cold Storage Plant.

50. [3] SHRI J. A. BHAT: Will the Minister for Health be pleased to state:

(a) have the Government any scheme for establishing a cold storage plant at Mattancherry for the benefit of the fishermen of the locality;

LIBRARY ARCHIVES Kerala Legislative Assembly